# അക്കാദമിക മാസ്റ്റർ പ്ലാൻ

# വൈഖരി

# മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്കൂൾ കൊരട്ടി



താളുകളിലൂടെ


- ആമുഖം
- ചാലക്കുടി ലോകസഭാമണ്ഡലം- ഭൂപടം
- ലക്ഷ്യങ്ങൾ
- വിദ്യാർത്ഥി വിവരങ്ങൾ
- അധ്യാപക വിവരങ്ങൾ
- വിദ്യാലയ ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- മോണിട്ടറിംഗ് രീതി
- ഉപസംഹാരം

ആമുഖം


സമത്വം, മതനിരപേക്ഷത ഒരാശയം കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗം എന്നി ജനാധിപത്യമൂല്യങ്ങളെ, ഉയർത്തിപിടിക്കുന്നു. വിദ്യാർത്ഥികളിൽ മൂല്യ ബോധവും സാമൂഹിക ബോധവും വളർത്തുമെന്ന തിൽ സംശയമില്ല. ഇത്തരത്തിലുള്ള ഒരു തലമുറ രാജ്യത്തിനും, നാടിനും വീടിനും ഉത്തമമാതൃകയായിരിക്കും. നമ്മുടെ പൂർവ്വികരായ ശ്രീനാരായണഗു രു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി മുതലായവർ കേരളത്തിന്റെ ത്തിൽ വഹിച്ച പങ്ക് സ്തുത്യർഹമാണ്. ഇവരെ പോലുള്ള മഹദ് വ്യക്തികളെ ഇനിയും സമൂഹത്തിന് സംഭാവന ചെയ്യുന്നതിനായി നമ്മുടെ നാട്ടിൽ പൊതു വിദ്യാഭ്യാസം ശക്തിപ്പെടണമെങ്കിൽ പൊതു വിദ്യാലയങ്ങൾ ആകർഷകമായിരി ക്കണം. നവോത്ഥാന

സംരക്ഷണ നാടിന്റെ സമഗ്രവളർച്ചക്കായുള്ള ഈ പൊതുവിദ്യാഭ്യാസ യജ്ഞം വിജയിപ്പിക്കുക എന്നത് ഒരൊറ്റ മനസ്സാലേ, ചിന്തയാലേ, ഞങ്ങൾ ശിരസ്സാവഹിക്കുന്നു. ഞങ്ങളുടെ വിദ്യാലയത്തിൻ്റെ സമഗ്ര വിദ്യാലയ വിക സന പദ്ധതി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

പ്രധാനാധ്യാപിക

സിനു കുര്യൻ

**ചാലക്കുടി ലോകസഭാ മണ്ഡലം_Map**



# SCHOOL PROFILE

| | |
|---|---|
| NAME OF THE SCHOOL | M.A.M.H.S KORATTY |
| VILLAGE | MURINGOOR THEKKUMURY |
| PANCHAYATH | KORATTY |
| BLOCK | CHALAKUDY |
| BRC | CHALAKUDY |
| NAME OF TALUK | CHALAKUDY |
| REVENUE DISTRICT | THRISSUR |
| EDUCATIONAL DISTRICT | IRINJALAKUDA |
| EDUCATIONAL SUB DISTRICT | CHALAKUDY |
| HM NAME | MRS.SINU KURIAN |
| MOBILE NUMBER | 9447969930 |
| NAME OF SENIOR ASSISTANT | MRS.MEETHU JOSE |
| MOBILE NUMBER | 9961766441 |
| EMAIL-ID | mamhskoratty@yahoo.com |
| SCHOOL CODE | 23042 |

# SUBJECTWISE TEACHER'S LIST

| NAME OF SUBJECT | NAME OF TEACHERS |
|---|---|
| MALAYALAM (HS) | BINCY P KANNAMPUZHA |
| | SHALINI.T.J |
| | SHINI.P.V |
| ENGLISH (HS) | MEETHU JOSE |
| | SMITHA JOSE |
| | VIJI P C |
| HINDI (HS) | BIJI K T |
| | NEETHU T R |
| SANSKRIT (HS) | KRISHNANJALI |
| SOCIAL SCIENCE ( HS) | BENCY V T |
| | SMITHA GEORGE |
| | DALY K A |
| NATURAL SCIENCE (HS) | REJI CHEERAKATHIL |
| | MANJU JOHN |
| PHYSICAL SCIENCE (HS) | JITH PAUL K |
| | LIMI V G |
| | MARIYA PAROKKARAN |
| MATHEMATICS (HS) | NIMMY JACOB |
| | SREEJA M.S |
| | ROSE PAUL |
| PHYSICAL EDUCATION (HS) | IWIN S NJAREKKAT |
| U P | ANOOP ANTONY |
| | PINKY K T |
| | INDU V |
| | SIMI T L |
| | ASHA ANTONY |
| | REEMA JOY |
| | LAYA ANTO |
| | CIBY VARGHESE |
| | JERRY LOUIS |

**ലക്ഷ്യങ്ങൾ**

പ്ലാറ്റിനം ജൂബിലി പിന്നിട്ട ഈ വിദ്യാലയത്തിൽ വൃദ്ധി-ക്ഷയങ്ങളുടെ ഒരു പാട് ചരിത്രം ഉറങ്ങികിടക്കുന്നുണ്ട്. ഒരു നാളിൽ നാളിന്റെ അഭിമാനമായിരുന്ന വിദ്യാലയം തളർച്ചയെ അവഗണിച്ച് വളർച്ചയുടെ പാതയിൽ മുന്നേറുകയാണ്. വിദ്യാലയാന്തരീക്ഷം പ്രകൃതി മനോഹാരിത നിറഞ്ഞതാണ് എന്നത് വിദ്യാലയ ത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നു.

വിദ്യാലയത്തിന്റെ പി.ടി.എ. പൂർവ്വ വിദ്യാർത്ഥി-പൂർവ്വ അധ്യാപക കൂട്ടായ്മകൾ മുതലായ സമിതികളുടെ സഹകരണം കൂടി ഉറപ്പുവരുത്തികൊണ്ട് വിദ്യാലയത്തിന്റെ ഭൗതീകവും - അക്കാദമികവും, സാമൂഹികവുമായ വളർച്ച ക്കാവശ്യമായ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

അക്കാദമികം:-

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും സംസാരി ക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ.
- എല്ലാ വിദ്യാർത്ഥികളേയും ഭയപ്പെടുത്തുന്ന ശിശുസൗഹൃദമാക്കൽ. വിഷയമായ ഗണിതത്തെ
- മാതൃഭാഷയുടെ ഉച്ചാരണവും, വായനയും, എഴുത്തും വളർത്തുക.
- വായന പോഷിപ്പിക്കുന്നതിനായി, മൂല്യങ്ങൾ കെട്ടിപ്പടുക്കുന്നതിനായി, ലൈബ്രറി ഉചിതമായ പുസ്തകങ്ങളാൽ സജ്ജമാക്കൽ.
- വിവിധ മേഖലകളിലുള്ള ( കലാ, കായിക, ശാസ്ത്ര, പ്രവൃത്തിപരിചയ) പ്രതിഭകളെ വളർത്തുന്നതിന് ആവശ്യമായ പരിപാടി ആസൂത്രണം ചെയ്യൽ.
- കുട്ടികളുടെ ആരോഗ്യം പരിപോഷിപ്പിക്കുന്നതിനായി വേണ്ടുന്ന പോഷകാഹാര പാക്കേജ് തയ്യാറാക്കി സാമ്പത്തിക സോത്രസ്സ് കണ്ടെത്തൽ.
- വിദ്യാലയം കൂടുതൽ ആകർഷകമാക്കുന്നതിനായി / ജൈവവൈവിധ്യ പാർക്ക് (നക്ഷത്രവനം) ഒരുക്കൽ.

**ഭൗതികം:-**

- അക്കാദമിക നിലവാരം ഉയർത്തുന്നതിനായി, പഠന ബോധനപ്രക്രിയ കൂടു തൽ ഊർജ്ജസ്വലമാക്കുന്നതിന് മൾട്ടി മീഡിയ റൂം ഒരുക്കൽ.
- ഏതൊരു കാലാവസ്ഥയിലും അസംബ്ലി കൂടുന്നതിനായി അസംബ്ലി ഹാൾ തയ്യാറാക്കൽ.
- മാലിന്യ സംസ്ക്കരണത്തിനായി ബയോഗ്യാസ്, കമ്പോസ്റ്റ് മാലിന്യ സംസ്ക്കരണ പ്ലാന്റ് തയ്യാറാക്കൽ
- അടുക്കള കൂടുതൽ ശുചിത്വമാക്കുന്നതിന്റെ ഭാഗമായി പുതിയത് പണിത് ടൈൽസ് വിരിച്ച് വൃത്തിയാക്കൽ.

**സാമൂഹികം**

- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം ഊർജ്ജിതമാക്കൽ.
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവരുടെ സഹകര ണത്തോടെ വിവധ സെമിനാറുകൾ, സംവാദങ്ങൾ, വ്യക്തിത്വ വികസന ക്ലാസ്സുകൾ, പരിശീലനങ്ങൾ നടത്തുകയും അവയിലൂടെ വിദ്യാർത്ഥിക ളിൽ മൂല്യബോധം വളർത്തുകയും ചെയ്യൽ.
- വിദ്യാലയ മികവുകളും വിഭവങ്ങളും പൊതു സമൂഹത്തിന് വേണ്ടി പങ്കിടു ന്നതിനായി സദസ്സുകൾ തയ്യാറാക്കുക. സാമൂഹിക പ്രവർത്തനോടാഭി മുഖ്യം പുലർത്തുന്ന പരിപാടികൾ സംഘടിപ്പിച്ച് തങ്ങളുടെ സാന്നിദ്ധ്യം പൊതു സമൂഹത്തിന് കൂടി ഗുണപ്രദമാക്കുക.

# വിദ്യാർത്ഥി വിവരങ്ങൾ

| CLASS | Male | Female | Total |
|---|---|---|---|
| V | 40 | 27 | 67 |
| VI | 35 | 45 | 80 |
| VII | 48 | 32 | 80 |
| VIII | 85 | 57 | 142 |
| IX | 93 | 60 | 163 |
| X | 85 | 61 | 146 |
| Total | 386 | 282 | 668 |

# STAFF LIST

| | MALE | FEMALE | TOTAL |
|---|---|---|---|
| HM | | 1 | 1 |
| MALAYALAM (HS) | | 3 | 3 |
| ENGLISH (HS) | | 3 | 3 |
| HINDI (HS) | | 2 | 2 |
| SANSKRIT (HS) | | 1 | 1 |
| SOCIAL SCIENCE ( HS) | | 3 | 3 |
| NATURAL SCIENCE (HS) | | 2 | 2 |
| PHYSICAL SCIENCE (HS) | 1 | 2 | 3 |
| MATHEMATICS (HS) | | 3 | 3 |
| PHYSICAL EDUCATION (HS) | 1 | | 1 |
| UPSA | 3 | 6 | 9 |
| CLERK | | 1 | 1 |
| OA | | 2 | 2 |
| FTM | 1 | 1 | 2 |

| ITEM | NUMBER |
|---|---|
| TEACHERS | 29 |
| NON TEACHING STAFF | 6 |
| CLASS | 22 |
| COMPUTER OFFICE | 3 |
| LAPTOP | 22 |
| PROJECTOR | 7 |
| GREEN BOARD | 27 |
| WHITE BOARD | 26 |
| PLAY GROUND | 1 |
| LIBRARY | 1 |
| KITCHEN | 1 |
| ICT, SMART ROOM | 4 |
| SCHOOL CLUBS | 15 |
| SCHOOL BUS | 4 |
| WELL | 1 |
| TOILETS BOYS | 18 |
| TOILETS GIRLS | 18 |
| TOILETS OTHER | 5 |

**വിദ്യാലയ ചരിത്രം**

1943-44 കാലഘട്ടത്തിൽ കൊരട്ടി സെൻ്റ് മേരീസ് പള്ളിയുടെ വികാരി വെരി. റവ. ഫാ. തോമസ് വട്ടോലിയുടെ കാലത്താണ് കൊരട്ടിയിൽ ഒരു ഹൈസ്കൂളിനു വേണ്ടി ആദ്യമായി അപേക്ഷ സമർപ്പിക്കപ്പെട്ടത്. അക്കാലത്താണ് തൊട്ടടു ത്തുള്ള വാളൂരിൽ ഒരു ഹൈസ്കൂൾ ആരംഭിക്കുന്നതിന് അനുവാദം ലഭിക്കുന്ന ത്. അതുകൊണ്ടായിരിക്കാമെന്നുതോന്നുന്നു ആ അപേക്ഷ അന്ന് പരിഗണി ക്കപ്പെടാതെ പോയത്. പിന്നീട് വികാരിയച്ചനും കൈക്കാരനും അന്നത്തെ ദിവാ നായിരുന്ന സർ ജോർജ് വില്യം ബോഗിനെ നേരിൽ കണ്ട് സങ്കടമുണർത്തി ക്കുകയും അദ്ദേഹത്തിൻ്റെ സന്മനസ്സ് ഈ സ്ഥാപനത്തിൻ്റെ ഹരിശ്രീ കുറിക്കാൻ ഇടയാക്കുകയും ചെയ്തു.

1945 ൽ എം.എ.എം.എൽ.എസ്.എസ് എന്ന പേരിൽ ഈ സ്ഥാപനത്തിൻ്റെ പ്രവർത്തനം ആരംഭിച്ചു. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകൾ ഒരേ വർഷത്തിൽ തുട ങ്ങി. തുടക്കത്തിൽ ഇതൊരു മിക്സഡ് സ്കൂൾ ആയിരുന്നു. പള്ളിയോട് ചേർന്ന് കിടന്നിരുന്ന തെങ്ങിൻപറമ്പിലാണ് പുതിയ കെട്ടിടം പണിയാൻ പ്ലാൻ ഇട്ടിരുന്ന ത്. എന്നാൽ വാളൂർ ഹൈസ്കൂളും, ഈ സ്കൂളും തമ്മിലുള്ള ദൂരപരിധി ഒരു പ്രശ്നമായി വന്നതിനാൽ അരിച്ചാൻകുന്നിലേക്ക് മാറ്റിപ്പണിയുവാൻ നിർബന്ധി 1946 ൽ ആണ് ഈ സ്കൂൾ ഹൈസ്ക്കൂളായി ക്കപ്പെടുകയാണുണ്ടായത്. ഉയർത്തിയ ഉത്തരവ് ലഭിക്കുന്നത്.

ആ കാലഘട്ടത്തിൽ കൊച്ചിയിലെ മന്ത്രിയായിരുന്ന ശ്രീമാൻ പറമ്പി ലോനപ്പന്റെ കാരുണ്യം കൊണ്ടാണ് സ്കൂളിനുവേണ്ടിയുള്ള ബാക്കി സ്ഥലവും പതിച്ചു കിട്ടാൻ ഇടയായത്.

ആദ്യ ബാച്ചിന് പത്താം ക്ലാസ്സ് പരീക്ഷയെഴുതാറായപ്പോൾ ഇതൊരു പരീ ക്ഷാകേന്ദ്രമായി അനുവദിക്കപ്പെട്ടുകഴിഞ്ഞിരുന്നില്ല. അതുകൊണ്ട് അവർക്ക് ചാലക്കുടി ബോയ്സ് ഹൈസ്കൂളിൽ പോയി പരീക്ഷയെഴുതേണ്ടിവന്നു. എന്നാൽ 1950 ൽ രണ്ടാം ബാച്ചിന് പരീക്ഷയെഴുതാറായപ്പോഴേക്കും ഇവിടെ ഒരു പരീക്ഷാകേന്ദ്രമായി അനുവദിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

1953 ൽ പെൺകുട്ടികൾക്ക് മാത്രമായി ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ സ്ഥാപിതമായി. അതോടെ ഈ സ്കൂൾ ആൺകുട്ടികൾ മാത്രമുള്ളതായി തീരുകയും അന്നുവരെ ഇവിടെ പഠിച്ചിരുന്ന വിദ്യാർത്ഥിനികളെ അങ്ങോട്ട് മാറ്റുകയും ചെയ്തു.

കൊരട്ടിയിൽ J&P Coats തുടങ്ങിയതോടെ ഇവിടെ ജനസംഖ്യയിലും കുട്ടികളുടെ എണ്ണത്തിലും ക്രമാതീതമായ വർദ്ധനവുണ്ടായി. അതോടെ സ്ഥാപനം വളരേണ്ടതും, വലുതാവേണ്ടതും ഒരാവശ്യമായി മാറി. ഭാരത സർക്കാർ അച്ചുകൂടം സ്ഥാപിതമായതോടെ അന്യസംസ്ഥാനങ്ങളിലുള്ളവരുടെ കുട്ടികളും ഇവിടെ ചേർന്ന് പഠിക്കാൻ ആരംഭിച്ചു. അതോടെ ഇംഗ്ലീഷ് മീഡിയം ക്ലാസും അനിവാര്യമായി. 1965 ൽ ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് നടത്തുന്നതിനുള്ള അനുവാദവും ലഭിച്ചു.

തുടക്കം മുതൽ ഇന്നുവരെ വിജയത്തിൽ ഉന്നതനിലവാരം പുലർത്തു വാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞു എന്നുള്ളത് അഭിമാനിക്കാനേറെ വക നൽകുന്നു.

പഠിപ്പിൽ മാത്രമല്ല മറ്റ് കലാ സാംകാരിക രംഗങ്ങളിലും ഇവിടുത്തെ കുട്ടി കൾ ഒട്ടും പിന്നിലല്ല. ജില്ലാ സംസ്ഥാന തല മത്സരങ്ങളിൽ ഇവിടുത്തെ കൊച്ചു മിടുക്കന്മാർ വാരിക്കൂട്ടിയ മെഡലുകളും കപ്പുകളും അതിന് സാക്ഷ്യം വഹിക്കുന്നു.

കൊരട്ടിമുത്തിയുടെ അനുഗ്രഹത്താൽ ഈ സ്ഥാപനം ഇന്നും സുഗമമായി മുന്നേറുന്നു.

**<u>വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്</u>**

വിദ്യാഭ്യാസം എന്നാൽ വ്യക്തിയിലെ സർതോന്മുഖമായ വികാസമാണ്. ഇത് കേവലം അക്ഷരാഭ്യാസം മാത്രമല്ല, അറിവ് വ്യക്തികളിൽ തിരിച്ചറിവുണ്ടാക്കുവാൻ ഉതകുന്നതാകണം. തിരിച്ചറിവ് കാര്യകാരണബന്ധം വെളിവാക്കുന്നു. ചിന്തയെ ഉദ്ദീപിപ്പിക്കുന്നു. നൂതനമായ കണ്ടെത്തലുകൾക്ക് പ്രേരകമാകുന്നു.

വായന വ്യക്തിത്വവികസനത്തെ സഹായിക്കുന്നു. ഓരോ വിദ്യാലയത്തിലേയും അധ്യാപകരും, വിദ്യാർത്ഥികളും വായനയുടെ ലോകത്തെത്തിയാൽ ആ സമൂഹം തിരിച്ചറിവിൻ്റെ പാതയിലായിരിക്കും. തിരുത്തലുകളുടെ മാർഗ്ഗത്തിലാ യിരിക്കും. നേരിൻ്റെ വികസനത്തിൻ്റെ യാത്ര ആരംഭിച്ചിരിക്കും. വായനയിലൂടെ ചരിത്രം കണ്ടെത്തി പുതിയ ചരിത്രം രചിക്കണം.

വിദ്യാലയം മികച്ചതാണെങ്കിൽ സ്വയം പര്യാപ്തരായ ഒരു ജനത ആ വിദ്യാലയത്തിൽ നിന്നും പുറത്തിറങ്ങിയിരിക്കണം. സ്വയം പര്യാപ്തത കൃഷിയി ലൂടെയോ, തൊഴിലിൻ്റെ കാര്യത്തിലോ, സാഹിത്യത്തിലൂടേയോ, കായിക മേഖല യിലൂടെയോ, ചിത്രരചനാ പാടവത്തിലൂടേയോ ആകാം. ഓരോ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തി പരിപോഷിക്കപ്പെടാവുന്ന പ്രവർത്തനങ്ങൾ വിദ്യാലയം കാഴ്ചവെക്കണം. കണ്ടും അനുഭവിച്ചും പഠനം രസകരമാക്കണം. അധ്യാപക രുടെ കഴിവിനെ പിൻതാങ്ങുവാനായി മൾട്ടിമീഡിയ സൗകര്യങ്ങൾ ക്ലാസ്സുമുറികളിലും ഉറപ്പ് വരുത്തണം. അതിനുതകുന്ന അധ്യാപകപരിശിലനം നൽകി എല്ലാ കുട്ടികളുടെയും പഠനബോധനപ്രക്രിയ കുറ്റമറ്റതാക്കണം.

ശാരീരികമോ, സാമ്പത്തികമോ, സാമൂഹികമോ ആയി പാർശ്വവത്കരിക്ക പ്പെട്ടവരെ കൂടി മുഖ്യ ധാരയിലേക്ക് കൊണ്ട് വരുന്ന വിദ്യാലയത്തിൻ്റെ മികവി നെയാണ് കാണിക്കുന്നത്. പ്രത്യേക കൗൺസിലിങ്ങും ഉചിതമായ ക്ലാസ്സുകളും ഒരുക്കണം. എല്ലാ വിദ്യാലയത്തിലും സ്ഥിരം മനശാസ്ത്രജ്ഞൻ്റെ സേവനം ഉറ പ്പാക്കണം. ഓരോ കുട്ടിയേയും ആഴത്തിൽ തിരിച്ചറിഞ്ഞ് നൂതനമായ പഠനാ നുഭവങ്ങൾ നൽകണം. പ്രത്യേക പരിഗണന എല്ലാ തരത്തിലും ഒരുക്കാൻ സാധിക്കണം. പോഷകാഹാര പരിപാടി കൂടുതൽ പരിപോഷിപ്പിക്കണം. അതിന് വേണ്ടുന്ന സാമ്പത്തിക സ്രോതസ്സ് കണ്ടെത്തണം. കുടിവെള്ളം, ശുചിത്വം എന്നി വക്ക് പ്രാമുഖ്യം നൽകണം. പ്രഭാതഭക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് അത് ഒരുക്കണം.

**<u>പദ്ധതി രൂപീകരണ പ്രക്രിയ</u>**

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിദ്യാലയത്തിൽ ക്ലാസ് പി.ടി.എ., ജന റൽ ബോഡി യോഗം എന്നിവയിൽ ചർച്ച നടത്തി ചർച്ചയിലൂടെ രൂപീകരിച്ച ഓരോ ആശയവും പൊതു സമൂഹത്തിൻ്റേതാണെന്ന തിരിച്ചറിയൽ ആയത് കൂട്ടി ച്ചേർത്ത് പി.ടി.എ. പ്രതിനിധി യോഗത്തിൽ അവതരിപ്പിച്ചു. അധ്യാപക രക്ഷാ കർത്ത്യ സമിതി യോഗം ആശയങ്ങളെ പ്രവർത്തനങ്ങളാക്കി മാറ്റുന്നതിൽ സജീവ പങ്കാളിത്തം രേഖപ്പെടുത്തി. ഇത്തരത്തിൽ കണ്ടെത്തിയ പ്രവർത്തന ങ്ങളെ അധ്യാപകർ വീണ്ടും കൂട്ടിചേർക്കലുകൾ നടത്തി പദ്ധതി രൂപീകരിച്ചു.

**നിലവിലെ അവസ്ഥാവിശേഷം**

കൊരട്ടി ഗ്രാമത്തിൻ്റെ ആധുനിക ചരിത്രത്തിലേക്ക് നോക്കിയാൽ വിലമതി ക്കാനാകാത്ത ധാരാളം മഹത് വ്യക്തികളെ സംഭാവന ചെയ്ത പാരമ്പര്യം എം. എ.എം.ഹൈസ്കൂളിന് ഉണ്ട്. വിവിധ ജീവിത സാഹചര്യങ്ങളിലെ വെല്ലുവിളി കളെ സധൈര്യം നേരിട്ട് കീഴടക്കിയവരും, കീഴടക്കാൻ പരിശ്രമിക്കുന്നവരും ശ്രമത്തിൽ പരാജയപ്പെട്ടവരും ഇന്ന് ഈ വിദ്യാലയത്തിൽ വിദ്യ അഭ്യസിക്കുന്നു .

കേവല അക്ഷരാഭ്യാസമല്ല ഈ വിദ്യാലയത്തിൻ്റെ കാഴ്ചപ്പാട്. പാഠ്യ വിഷയങ്ങൾക്ക് പുറമെ കലാ-കായിക രംഗത്തെ അഭ്യസനത്തിനും വിദ്യാലയം പ്രാമുഖ്യം നൽകുന്നു. ധാരാളം സാംസ്കാരിക നായകന്മാരെയും കായിക പ്രതിഭകളെയും കേരളത്തിന് ഈ വിദ്യാലയം സംഭാവന നൽകിയത് ഇതിനുള്ള തെളിവാണ്. വർഷങ്ങളായി എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന വിജയം നേടുന്നതിന് ഈ വിദ്യാലയത്തിന് സാധിച്ചുവരുന്നുണ്ട്.

മികച്ച ബോധനത്തിനായി വ്യക്തമായ ആസൂത്രണം അധികാരികൾ നടത്താറുണ്ട്. SRG, Subject Council മുതലായ കമ്മിറ്റികൾ സുസ്ഥിരപ്രവർത്തനം കാഴ്ചവെക്കുന്നു. എല്ലാ വർഷവും വ്യക്തിത്വ വികസന ക്ലാസ്സുകൾ വിദഗ്ദർ നടത്തിവരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന ധാരാളം വിദ്യാർത്ഥികളെ ഈ സമൂഹത്തിൻ്റെ ഭാഗഭാക്കുകളാക്കാനുള്ള നിരന്തര പ്രവർത്തനങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും സർവ്വാത്മനാ മുഴുകിയിട്ടുണ്ട്. കൗൺസിലിങ്ങ് സൗകര്യവും വിദ്യാലയം നൽകി വരുന്നു.

പഠനത്തെ സാർത്ഥകമാക്കുവാനുതകുന്ന പഠനയാത്രകൾ ഈ വിദ്യാലയം എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നു.വിജ്ഞാന വിനോദ പരിപാടികളും പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികളുടെ അഭിമുഖവും സംഘടിപ്പിക്കുന്നു.

മൂല്യബോധം വളർത്തുക എന്ന ഉദ്ദേശത്തോടെ കുട്ടികൾ സ്വയം ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രദർശനം സംഘടിപ്പിച്ചു. പഠനോപകരണ പ്രദർശനവും ഭക്ഷ്യ മേളയും സ്വയം പര്യാപ്തമായ സമൂഹത്തെ കെട്ടിപ്പടുക്കാൻ ലക്ഷ്യം വച്ചുള്ള താണ്. ഈ വിദ്യാലയത്തിൽ നിന്നും സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറ യ്ക്കായി SPC, JRC, NCC, Scouts & Guides, Little kites തുടങ്ങി വിവിധ സംഘടനകൾ

സജീവമായി പ്രവർത്തിക്കുന്നു. പ്രകൃതി സൗഹൃദമായ അന്തരീക്ഷവും മികച്ച പോഷകാഹാര പരിപാടികളും വിദ്യാലയത്തെ വേറിട്ടു നിർത്തുന്നു.

മികച്ച മൈതാനം ഉണ്ടെങ്കിലും കായികോപകരണങ്ങളുടെ അപര്യാപ്തത കായിക പരിശീലനത്തെ ബാധിക്കാറുണ്ട്.

വിദ്യാലയത്തിൽ നൂതനമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്.2025 ജൂൺ ഒന്നിന് പുതിയ കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു.22 ക്ലാസ്റൂമുകൾ നിലവിലുണ്ട്. എന്നിരുന്നാലും എല്ലാ കുട്ടികളെയും ഒരുമിപ്പിച്ച് അസംബ്ലി നടത്താൻ ഉതകുന്ന സ്കൂൾ ഓഡിറ്റോറിയം ഒരു സ്വപ്നമാണ്.

“മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്നതിനായി ഇനിയും നിസ്വാർത്ഥ സേവനം ചെയ്യുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.”

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

- മൾട്ടി മീഡിയ ക്ലാസ്സ് മുറികൾ തയ്യാറാക്കുക
- പാഠ്യേതര പ്രവർത്തനങ്ങൾക്ക് വിദഗ്ദ പരിശീലകരുടെ സേവം ലഭ്യമാക്കുക.
- ഇംഗ്ലീഷ് ഭാഷയിലും മാതൃഭാഷയിലും പ്രാവീണ്യം നൽകുവാനുതകുന്ന തരത്തിൽ ഭാഷാലാബുകൾ തയ്യാറാക്കുക.
- ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
- സ്ഥിരം കൗൺസിലിങ്ങ് സൗകര്യം ഏർപ്പെടുത്തുക
- കായികോപകരണങ്ങൾ ലഭ്യമാക്കുക.
- ഉച്ചഭക്ഷണ പരിപാടികൾക്ക് കൂടുതൽ മികവേകുക
- ഉച്ചാരണത്തേയും എഴുത്തിനേയും, വായനയേയും പരിപോഷിപ്പിക്കാനുത കുന്ന ശിൽപ്പശാലകൾ സംഘടിപ്പിക്കൽ..
- സർഗ്ഗശേഷി വികസനത്തിനായി വിദ്യാലയത്തിൽ സർഗ്ഗചുമർ തയ്യാറാക്കുക. മാഗസിൻ പ്രസിദ്ധീകരിക്കുക്.
- സ്കൂൾ റേഡിയോ പ്രവർത്തനം.
- ആവശ്യമായ ഉപകരണങ്ങളോട് കൂടിയ ആധുനിക പാചകപ്പുരയും, ഡൈനിങ്ങ് ഹാളും നിർമ്മിക്കുക.
- തിളപ്പിച്ച വെള്ളം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.
- സ്കൂൾ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുക
- സ്കൂൾ ആർട്ട് ഗ്യാലറി സ്ഥാപിക്കുക
- മികച്ച പുസ്തകങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ E- library സ്ഥാപിക്കുക. അന്ത രാഷ്ട്ര നിലവാരമുള്ള E- library യിൽ അംഗത്വം എടുക്കുക.
- വിദേശത്തുള്ള വിദ്യാലയങ്ങളുമായി സഹകരിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യുക.

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

17

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം (18)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്വയം നിർണ്ണയം നടത്തുവാൻ പഠിക്കുക എന്നീ ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന ഉള്ള പരിജ്ഞാനം വർദ്ധിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി, എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം ചരിത്രസിനിമാ പ്രദർശനം. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയുമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ഒക്ടോബർ മാസം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസ്സുകൾ. |
| 4. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവിയെ പെടുത്തുക. | **കൂട്ടം മേട്ടം:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നവംബർ മാസം. | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, അധ്യാപകർ | P.T.A. കമ്മിറ്റികൾ. |

# Academic Master Plan [English] 

| | Aim | Activity | Duration | Charge | Expense |
|---|---|---|---|---|---|
| 1. | To enhance reading | English newspaper reading | 8 months | English Club | Sponsored by wellwishers |
| 2. | To enhance speaking | 5 sentences or values given each month and asked to speak in the class. Also conducting an English Fest. | 8 months | English Club. | — |
| 3. | To enhance speaking | Making items with waste materials and explaining how it is made. | 1 month | English club | — |

# ഗണിതം (അക്കാദമിക മാസ്റ്റർ പ്ലാൻ)

| S.No. & ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | കാലയളവ് (Term/മാസം) | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | ചതുഷ്ക്രിയകളിലൂടെ സഞ്ചാരം.<br>June 20. Pretest.<br>June-25. കുട്ടികളെ Sort ചെയ്യൽ<br>കുട്ടികൾക്ക് worksheet നൽകുന്നു. ഇതുപയോഗിച്ച് അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു.<br>ഗണിതത്തിൽ മികവുള്ള കുട്ടികളെ പരിശീലനത്തിനായി ഉപയോഗിക്കുന്നു. ഒരുമാസത്തിനുശേഷം Post test നടത്തി പുരോഗതി വിലയിരുത്തുന്നു.<br>ആവശ്യമുള്ളവർക്ക് വീണ്ടും കൈത്താങ്ങ് നൽകുന്നു. | I term | Noon time.<br>1:20 - 1:45<br>zero period. | Maths club. | — |

| ക്ര / ലക്ഷ്യം. | പ്രവർത്തനത്തിന്റെ പേര് | കാലയളവ് (Term/മാസം) | സമയം | ചുമതല | സാമ്പത്തി |
| --- | --- | --- | --- | --- | --- |
| 2. ഗണിത ക്ലിനിക്. | ഏറ്റവും മികച്ച വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് എല്ലാ വെള്ളിയാഴ്ചയും ഉച്ചക്ക് 1:20 മുതൽ 1:45 വരെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പിന്തുണ നൽകാനായി ഗണിത ക്ലിനിക് പ്രവർത്തനം നടത്തുന്നു. | 1 വർഷം. | | Maths അധ്യാപകരും വിദ്യാർത്ഥികളും | — HS MATHS |

# 2025-26 Physical Science - Academic Master Plan

| Sl.No | പദ്ധതി | ലക്ഷ്യം | പദ്ധതിവിശദീകരണം/ പ്രവർത്തനം | Estimate | ധനാഗമ മാർഗ്ഗം | കാലയളവ് | ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|
| 1. | "Refraction" classroom ലാബ് | അടിസ്ഥാന പ്രകാശികോപകരണങ്ങളെ പരിചയപ്പെടൽ | പ്രകാശികോപകരണങ്ങൾ തയ്യാറാക്കൽ – ലെൻസ്, laser-torch, glass rod, Prism slab, beaker, stand, Screen, etc, semi cylindrical slab) | 5000/- | Science club | 2025-26 June | വിദ്യാർത്ഥികൾ |
| 2. | പ്രകാശവിസ്മയങ്ങൾ | നിത്യജീവിതത്തിൽ Optics ന്റെ ഉപയോഗം തിരിച്ചറിയൽ | സ്ക്രാപ്പുകളിൽ നിന്നും അപവർത്തനവുമായി ബന്ധപ്പെട്ടവസ്തുക്കൾ ശേഖരിക്കൽ [eg: Reflectors, Opticfibre, കേടായ ക്യാമറയിലെ ലെൻസ്, പ്രിസം, [illegible] കണ്ണടകൾ etc) | 500/- | Science club | 2025-26 | വിദ്യാർത്ഥികൾ |
| 3. | ഉപകരണ നിർമ്മിതി | നിർമ്മാണ നൈപുണി പരിപോഷിപ്പിക്കാൻ | കേടായ ഫിലമെന്റ്, ലാമ്പ് ഉപയോഗിച്ച് പ്രോജക്ടർ, ലെൻസ് ഉപയോഗിച്ച് Telescope, Kalidoscope, Periscope etc. | 2500/- | Science club, | 2025-26 July - August | |
| 4. | field visit + Interview | Total internal Reflection മേഖലയിൽ field ൽ ഉപയോഗപ്പെടുത്തുന്നത് പരിചയപ്പെടൽ [illegible] | പ്രദേശത്തെ ലാപ്രോസ്കോപ്പിക് സർജന്റെ visit ഉം [illegible] | 2000/- | Science club | | |

# Physical Science - Academic Master plan.

| Sl.No | പദ്ധതി | ലക്ഷ്യം | പദ്ധതി വിശദാംശം / പ്രവർത്തനം | Estimate | പ്രവർത്തന സംഘങ്ങൾ | കാലയളവ് | ഗുണഭോക്താക്കൾ. |
|---|---|---|---|---|---|---|---|
| 5. | Traffic Signs നവീകരണം | Traffic Signs അറിയാനും അനുസരിക്കാനും. | റോഡരികുകളിൽ സ്ഥാപിച്ചിട്ടുള്ള Sign board കൾ നവീകരിക്കലും അതിവഴി അവ പരിചയപ്പെടാനും ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അനുസരിക്കാനും. | 2500/- | SPC, Science club. | 2025 October | വിദ്യാർത്ഥികൾ |
| 6. | Science film fest. | ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുക. യുക്തിചിന്ത വളർത്തുക. അതിനായി സാങ്കേതിക വിദ്യ ഉപയോഗിക്കാനുള്ള അവസരം വളർത്തുക. | ശാസ്ത്ര സംഭവങ്ങൾ, പ്രതിഭാസങ്ങൾ, കണ്ടുപിടുത്തങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നിർമ്മിച്ച ലോകത്തിലെ ശ്രദ്ധേയമായ സിനിമകളുടെ പ്രദർശനം. | 1000 | Film club, IT club, SPC, MPTA, Science club | 2025 November | വിദ്യാർത്ഥികൾ. PTA |
| 7. | Little scientist. | ശാസ്ത്ര വിഷയത്തിൽ താല്പര്യം ജനിപ്പിക്കുക. | തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ മറ്റു കുട്ടികളുടെ മുന്നിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരണം ചെയ്ത് സഹായകമാൻ | | Science club. | 2026 - January. | വിദ്യാർത്ഥികൾ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26.

## മേഖല :- ഹൈസ്കൂൾ ജീവശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിനാചരണം – വീടുകളിലും School പരിസരത്തും ചെടികൾ (മരങ്ങൾ, ഫലവൃക്ഷത്തൈകൾ) നട്ടുപിടിപ്പിക്കുക, Photos, വീഡിയോകളും ഉൾപ്പെടുത്തി ആൽബം തയ്യാറാക്കി അവതരണം, poster ~~[illegible]~~, കൊളാഷ് മത്സരങ്ങൾ, ബോധവൽക്കരണം. | June 5 മുതൽ | Eco club | 8 സയൻസ് ക്ലബ് SRG. |
| 2 | ലാബ് ഉപയോഗ നൈപുണികൾ | ലാബ് സുരക്ഷാ പരിശീലനം | വർഷം മുഴുവൻ | സയൻസ് ക്ലബ്, ബയോളജി വിഭാഗം | സയൻസ് ക്ലബ് |
| 3 | ജൈവവൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തുക്കളെ തിരിച്ചറിയുന്ന പട്ടിക തയ്യാറാക്കൽ. | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം | സയൻസ് ക്ലബ് |
| 4 | സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ | [illegible] | ശാസ്ത്ര അധ്യാപകർ | SRG, PTA, സയൻസ് ക്ലബ്. |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|---|
| 5 | ലഹരി മുക്ത, ആരോഗ്യ ശുചിത്വ വിദ്യാലയം, ആരോഗ്യ സംരക്ഷണം, ലഹരി ഉപയോഗം ദൂഷ്യഫലങ്ങൾ | ശുചിത്വ ബോധവൽക്കരണം. • ആരോഗ്യ ഭക്ഷണ ശീലങ്ങൾ • ജീവിത ശൈലി രോഗങ്ങൾ - ബന്ധപ്പെട്ട ക്ലാസുകൾ, കൗൺസിലിംഗ് | അധ്യയന വർഷത്തിൽ വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ, ആരോഗ്യ വകുപ്പ്. | ആരോഗ്യ വകുപ്പ്, | |
| 6 | ശാസ്ത്രോത്സവം - ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂൾ ശാസ്ത്രമേള, ശാസ്ത്ര ക്വിസ്, ദിനാചരണങ്ങൾ | ജൂലൈ, | ശാസ്ത്രാധ്യാപകർ, | PTA | |
| 7 | ശാസ്ത്രപഠനത്തിന് ICT സാധ്യതകൾ | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോകൾ, പരീക്ഷണങ്ങൾ തുടങ്ങിയവ ആശയ വിനിമയത്തിനായി ഉപയോഗിക്കൽ. | വർഷം മുഴുവനും | ശാസ്ത്രാധ്യാപകർ | KITE (IT ക്ലബ്) | |
| 8 | പാഠഭാഗ പുനരാവർത്തനം | റിവിഷൻ ക്ലാസുകൾ, ക്രാഷ് റിവിഷൻ, | ഓരോ ടേമിലും | അധ്യാപകർ | സയൻസ് ക്ലബ് | |
| | | | | | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ്സ് | സാമ്പത്തികം | ഉദ്ദേശ്യം |
| --- | --- | --- | --- | --- | --- |
| - കായിക ക്ഷമത പരിശോധന, വിലയിരുത്തൽ | ഒരു വർഷം | അധ്യാപകർ | 5-10 | സ്കൂൾ, പി.ടി.എ | കുട്ടികളുടെ കായിക ഗുണങ്ങൾ പരിശോധിച്ച് കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക, വ്യത്യസ്ത അഭിരുചികൾ കണ്ടെത്തുക |
| - എല്ലാ വിദ്യാർത്ഥികളെയും ഏതെങ്കിലും ഒരു കായിക ഇനത്തിൽ മത്സരിപ്പിക്കുന്നത് | 6-9 | അധ്യാപകർ | 5-10 | സ്കൂൾ, പി.ടി.എ | കായിക ക്ഷമത വർദ്ധിപ്പിക്കുക, കായിക സംസ്കാരം വളർത്തുക, മത്സരങ്ങൾക്ക് സജ്ജരാക്കുക. |
| - കിഡ്സ്, സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 12 ഗെയിംസും അത്‌ലറ്റിക്സും | 3-4 | അധ്യാപകർ | 5-10 | സ്കൂൾ, പി.ടി.എ | കായിക അഭിരുചി കണ്ടെത്തൽ, വ്യത്യസ്ത കായിക ഗുണങ്ങൾ വളർത്തിയെടുക്കൽ, സംഘാടനം, നേതൃപാടവം, മറ്റ് സാമൂഹിക ഗുണങ്ങൾ വളർത്തിയെടുക്കൽ |

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ .<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി,<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

മേഖല : അക്കാദമികം          ഉപമേഖല : ഹിന്ദി ഭാഷ സ്കൂൾ തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസരശുചിത്വം , ഹരിത ക്യാമ്പസ് ,സ്കൂൾ സൗന്ദര്യ വൽക്കരണം എന്നിവയുടെ ആവശ്യകതയെ |

| | | | | | |
|---|---|---|---|---|---|
| | | | | | ക്കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപക ർ , ഹിന്ദി ക്ലബ് | |
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6,7 | ഹിന്ദി അധ്യാപക ർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെ തിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6,7 | ഹിന്ദി അധ്യാപക ർ | പ്രേംചന്ദിനെക്കുറി ച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താ നും കഴിയുന്നു. |
| 7 | ഹിന്ദി ദിനം | സെപ്റ്റം ബർ 14 | 5,6,7 | ഹിന്ദി അധ്യാപക ർ | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപക ർ , ക്ലാസ്സ് അധ്യാപക ർ, മറ്റു അധ്യാപക | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ച് അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു |
| 10 | വിശ്വഹിന്ദി ദിനം, പോസ്റ്റർ നിർമാണം, പ്രസംഗം | ജനുവരി 10 | 5,6,7 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു |

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN.,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** (UP & HS) **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

## മൈല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ റോൾ കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി സൂചനകളിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലന |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ ഒന്ന് വർഷത്തിൽ എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം ഓടി വന്ന് ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, പസിലുകൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പീരിഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള ഒരാളെ അധ്യാപകരെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് ഒരേവേദി ഒരുക്കി പങ്കാളികളായി ഒരുമിച്ച് വരാൻ അവസരം ഒരുക്കുന്നു.<br>അങ്ങനെ ക്ലാസിനായി കഥാപാത്രങ്ങൾ, കഥാതന്തുക്കൾ ആയി Role play നാടകം എന്നിവ പ്ലാൻ ചെയ്ത് എഴാം ക്ലാസ് കുട്ടികളുടെ പ്രവർത്തനം ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്റ് ചെയ്ത് | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

U.P SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, വിവിധ ക്ലബ്ബുകൾ | P.T.A |
| | വിദ്യാവനം യാത്ര<br>സ്കൂൾ പരിസരത്തെ വിദ്യാവനം സന്ദർശിക്കൽ, വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. | ജൂലൈ | ശാസ്ത്രാധ്യാപകർ, വിവിധ ക്ലബ്ബുകൾ | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ കാണിക്കുന്നു. പരീക്ഷണ കുറിപ്പുകളുടെ ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, വിവിധ ക്ലബ്ബുകൾ | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | മാസ്റ്റർ മൈൻഡ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ അടിസ്ഥാനത്തിൽ വിവിധ പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, വിവിധ ക്ലബ്ബുകൾ | |
| | എക്സ്പോ - എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസ്സിലും ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | PTA സയൻസ് ക്ലബ്ബ് |
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 3) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 6) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# Social Science - U.P.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ശേഷികൾ പരിശീലിക്കൽ, നേടിയെടുക്കൽ | • കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശീലിക്കുന്നതിന് പ്രവർത്തനങ്ങൾ ഇതോ കുട്ടികൾക്കും നൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| | • നദികൾ, ഭൂപ്രകൃതി, സ്ഥലങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി അറിവ് പരിശോധിക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | • ICT സഹായത്തോടെ ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി അതിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങൾ, ഭീതിജനകമായ കാഴ്ചകൾ കാണിച്ചുകൊടുത്ത് അതിന്റെ തീവ്രതയെക്കുറിച്ച് മനസിലാക്കിക്കൊടുക്കുന്നു, ബോധവാന്മാരാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | • ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുക്കുന്ന കുടുംബാംഗങ്ങളോട് ചോദിച്ച് ജനാധിപത്യരീതിയുടെ അടിസ്ഥാനങ്ങൾ മനസിലാക്കുന്നു ക്ലാസിൽ ചർച്ച ചെയ്യുന്നു | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| • സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ സഹായിക്കുന്നു. | • പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർ അനുഭവിക്കുന്നവരെ സന്ദർശിച്ച് തങ്ങളാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുക. കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ അർഹതപ്പെട്ടവർക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | P.T.A. |
| • വിവിധ വിനിമയ സാങ്കേതിക വിദ്യകളുടെ ദുരുപയോഗത്തെ കുറിച്ചും കോവിഡ് പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും കുട്ടികളെ ബോധവന്മാരാക്കുന്നു. | • സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | P.T.A. |
| • സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാട്, കാടുകൾ എന്നിവയെ കുറിച്ച് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്. |

| 4. മേഖല : അക്കാദമികം | ഉപമേഖല: ലൈബ്രറി ശാക്തീകരണം | | | |
|---|---|---|---|---|
| വായന വളർത്തുന്നതിനായും മൂല്യങ്ങൾ കെട്ടിപ്പെടുത്തുന്നതിനുമായി ലൈബ്രറി ശക്തീകരണം. | 1. വൈവിധ്യമാം വണ്ണം ശാസ്ത്ര, സാഹിത്യ ആത്മാകഥാംശമുള്ള പുസ്തകങ്ങൾ സന്നദ്ധ സംഘടനകൾ വഴി ലഭ്യമാക്കൽ | ഡിസംബർ | ലൈബ്രറി ഇൻ ചാർജ്ജ് | 3,000/-<br>P. T.A<br>O.S.A |
| | 2. E-Library:-<br>➢ കമ്പ്യൂട്ടർ<br>➢ ഇന്റർനെറ്റ്, വൈഫൈ സൗകര്യം<br>➢ അന്താരാഷ്ട്ര നിലവാരമുള്ള ലൈബ്രറിയിൽ അംഗത്വം | ഫെബ്രുവരി | | 3,000/- |
| | 3. വായനാക്കുറിപ്പ് ബുള്ളറ്റിൻ ബോർഡ് | ഡിസംബർ | | |

| 5. മേഖല : അക്കാദമികം | ഉപമേഖല: പ്രതിഭാപോഷണ പരിപാടി | | | |
|---|---|---|---|---|
| വിവിധ മേഖലകളിലുള്ള പ്രതിഭകളെ വളർത്തുന്നതിനാവശ്യമായ പരിപാടി ആസൂത്രണം ചെയ്യൽ | 1. അഭിമുഖം<br>➢ സാഹിത്യകാരന്മാർ<br>➢ കായികപ്രതിഭകൾ<br>➢ സാംസ്കാരിക നായകൻ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹെഡ്മാസ്റ്റർ സ്റ്റാഫ് സെക്രട്ടറി | 3,000/-<br>P. T.A<br>O.S.A |
| | 2. പഠനയാത്ര<br>➢ വ്യവസായ സ്ഥാപനങ്ങൾ<br>➢ കൃഷിയിടങ്ങൾ<br>➢ കാടറിവ് തേടൽ<br>➢ നാട്ടറിവ് കേന്ദ്രങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹെഡ്മാസ്റ്റർ | |
| | 3. രചനാശില്പശാല<br>➢ സാഹിത്യം<br>➢ ചിത്രരചന | ആഗസ്റ്റ് | ഹെഡ്മാസ്റ്റർ | കേരള ലളിതകലാ അക്കാദമി |

| | | | | |
|---|---|---|---|---|
| | 4.നാടകക്കളരി<br>➢നാടകരചന<br>➢അഭിനയം<br>➢ചമയം | ആഗസ്റ്റ് | ഹെഡ്മാസ്റ്റർ | കേരള ലളിതകലാ അക്കാദമി |
| | 5. സർഗ്ഗ ചുമർ<br>➢സാഹിത്യം<br>➢ചിത്രരചന<br>➢അനുഭവക്കുറിപ്പ്<br>➢വായനാക്കുറിപ്പ് | ജൂൺ | മലയാള വിഭാഗം | |
| 6. മേഖല : അക്കാദമികം | ഉപമേഖല: പോഷകാഹാര പരിപാടി | | | |
| കുട്ടികളുടെ ആരോഗ്യം പരിപോഷിപ്പിക്കുന്നതിനായി പോഷകാഹാര പാക്കേജും ശുചിത്വ പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ | 1.പാചകപ്പുര<br>➢ഗ്യാസ് അടുപ്പ്<br>➢ടൈൽസ് പാകിയ തറ<br>➢ആവശ്യത്തിന് പാത്രങ്ങൾ<br>➢ശുദ്ധജല സംവിധാനം | ജൂൺ മുതൽ ഫെബ്രുവരി വരെ | മാനേജ്മെന്റ്<br>ഹെഡ്മാസ്റ്റർ | |
| | 2. ഉച്ചഭക്ഷണം വൈവിധ്യമാക്കൽ<br>➢മോരൽ നൽകൽ | ജൂൺ മുതൽ | ഉച്ചഭക്ഷണച്ചുമതലയുടെ അധ്യാപിക | O.S.A |
| | 3. അടുക്കള ഉപകരണങ്ങൾ<br>➢മിക്സി<br>➢കുക്കർ | ജനുവരി | ഹെഡ്മാസ്റ്റർ | പി.ടി.എ |
| | 4. ഊട്ടുപുര<br>➢സ്റ്റോർ മുറി<br>➢തിളപ്പിച്ചാറിയ വെള്ളം ലഭ്യമാക്കൽ | | മാനേജ്മെന്റ്<br>മാനേജ്മെന്റ് | |
| | ➢അടുക്കളത്തോട്ടം വച്ചുപിടിപ്പിക്കൽ | ആഗസ്ത് | കൃഷിച്ചുമതലയുള്ള അധ്യാപകർ, പി.ടി.എ | 1000<br>പി.ടി.എ |
| | കര നെൽകൃഷി | ജൂലായ് | കൃഷിച്ചുമതലയുള്ള അധ്യാപകർ, പി.ടി.എ | കൃഷി ഡിപ്പാർട്ട്മെന്റ് |

| 7. മേഖല : അക്കാദമികം | | ഉപമേഖല: ജൈവവൈവിധ്യപാർക്ക് | | |
|---|---|---|---|---|
| വിദ്യാലയം കൂടുതൽ ആകർഷകമാക്കുന്നതിനായി ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ➢ ഔഷധ ത്തോട്ടം<br>➢ നക്ഷത്രവനം<br>➢ കരനെൽകൃഷി<br>➢ കൃഷിയിടമൊരുക്കൽ<br>➢ മരതണൽ വിശ്രമസ്ഥലം | സെപ്റ്റംബർ<br><br>ജൂൺ<br>ആഗസ്റ്റ്<br>ജൂലായ് | ഹെഡ്മാസ്റ്റർ<br>പി.ടി.എ<br>അധ്യാപകർ | 3,000/-<br>P. T.A |

8. മേഖല : അക്കാദമികം ഉപമേഖല: കായികപഠനം

# ഭൗതികം

| മേഖല : ഭൗതികം | ഉപമേഖല: | | | |
|---|---|---|---|---|
| അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പഠനബോധന പ്രക്രിയ ഊർജ്ജസ്വലമാക്കുന്നതിനായി മൾട്ടിമീഡിയ ക്ലാസ്സ് മുറികൾ തയ്യാറാക്കുക | ➢ അടച്ചുറപ്പുള്ള മുറി<br>➢ മുടക്കമില്ലാത്ത വൈദ്യുതി ലഭ്യത<br>➢ സ്മാർട്ട് ബോർഡ്<br>➢ പ്രോജക്റ്റർ<br>➢ ഇന്റർനെറ്റ്, വൈ ഫൈ സൗകര്യം<br>➢ ശബ്ദ സൗകര്യം | | മാനേജ്മെന്റ്<br>പി.ടി.എ<br>എം.എൽ.എ.ഫണ്ട് | |
| ഏതൊരു കാലാവസ്ഥയിലും അസംബ്ലി നടത്തുന്നതിനായി ഹാൾ തയ്യാറാക്കുക | ➢ അടച്ചുറപ്പുള്ള ഹാൾ<br>➢ ശബ്ദനിയന്ത്രണ സൗകര്യം<br>➢ മൈക്ക് | | മാനേജ്മെന്റ്<br>പി.ടി.എ<br>എം.എൽ.എ.ഫണ്ട് | |

| | | | | |
|---|---|---|---|---|
| കമ്പ്യൂട്ടർ, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര അഭിമുഖ്യം വളർത്തുന്നതിനായി ലാബ് തയ്യാറാക്കുക | ➢ അടച്ചുറപ്പുള്ള മുറി<br>➢ വെന്റിലേഷൻ സൗകര്യം<br>➢ വൈദ്യുത ലഭ്യത<br>➢ ജനറേറ്റർ<br>➢ കമ്പ്യൂട്ടർ<br>➢ ലാപ്ടോപ്പ്<br>➢ ഫ്ളക്സിബിൾ ഇരിപ്പിടം<br>➢ ഇന്റർനെറ്റ് സൗകര്യം | | മാനേജ്മെന്റ്<br>പി.ടി.എ<br>എം.എൽ.എ.ഫണ്ട് | |
| | ➢ സ്വതന്ത്ര സോഫ്റ്റ് വെയർ<br>➢ ശാസ്ത്രലാബ് ഉപകരണങ്ങളും കോമ്പൗണ്ടുകളും<br>➢ ഗണിതശാസ്ത്ര ലാബ്-ചാർട്ട് സ്റ്റിൽ മോഡൽ, വർക്കിങ് മോഡൽ എക്സ്പിരിമെന്റ്<br>➢ സാമൂഹ്യ ശാസ്ത്ര ലാബ് ചാർട്ട്, ലോകമാപ്പ് ഇന്ത്യമാപ്പ് കേരള മാപ്പ് | | മാനേജ്മെന്റ്<br>പി.ടി.എ<br>എം.എൽ.എ.ഫണ്ട് | |
| മാലിന്യസംസ്ക്കരണത്തിനായി ബയോഗ്യാസ്, കമ്പോസ്റ്റ്, പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്ലാന്റ് തയ്യാറാക്കുക | ➢ ബയോഗ്യാസ് പ്ലാന്റ്<br>➢ കംമ്പോസ്റ്റ് പിറ്റ്<br>➢ പ്ലാസ്റ്റിക് നിർമ്മാർജ്ജന സംവിധാനം | | ആരോഗ്യ കോ-ഓർഡിനേറ്റർമാർ | |
| പാചകപ്പുര കൂടുതൽ ശുചിത്വപൂർണ്ണമാക്കുക. | | | | |

| മേഖല : സാമൂഹകം | ഉപമേഖല: പി.ടി.എ ശാക്തീകരണം | | | |
|---|---|---|---|---|
| വിദ്യാലയ വികസനത്തിനായി പി.ടി.എ. ശക്തിപ്പെടുത്തൽ | ➢ യോഗങ്ങളിൽ പങ്കാളിത്തം<br>➢ സെമിനാർ<br>➢ ശിൽപശാല | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ | |
| പൂർവ്വ വിദ്യാർത്ഥി സംഘടന | ➢ വ്യക്തിത്വ വികസന ക്ലാസ്സ്<br>➢ പോഷണ പരിപാടിയിൽ പങ്കാളിത്തം<br>➢ സംവാദ സംഘാടനം. | ജൂൺ മുതൽ മാർച്ച് വരെ | ഒ.എസ്.എ | |
| വിദഗ്ദ സേവനം | ➢ സെമിനാർ<br>➢ സംവാദം<br>➢ ശിൽപശാല<br>➢ മോട്ടിവേഷൻ ക്ലാസ്സ് | ജൂൺ മുതൽ മാർച്ച് വരെ | സന്നദ്ധസംഘടന<br>ക്ലബ്ബ്<br>അധ്യാപകർ | |
| വിഭവ വിതരണം | ➢ സർക്കാർ<br>➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ പ്രവർത്തനങ്ങൾക്ക് സേവനം നൽകുന്നു.<br>➢ വിഭവങ്ങൾ പൊതുസമൂഹത്തിനായി നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹെഡ്മാസ്റ്റർ<br>മാനേജർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ഭാഷാനൈപുണി വളർത്തുക
- ഗണിതശാസ്ത്ര അഭിരുചി സൃഷ്ടിക്കുക
- പരീക്ഷണങ്ങളിലൂടെ യുക്തിബോധം നേടുക
- വായനയുടെ നൈർമ്മല്യമാസ്വദിക്കുക
- സ്വയം പര്യാപ്തതയുള്ള ഒരു തലമുറ സൃഷ്ടിക്കുക
- കാമ്പസ് ഒരു പാഠപുസ്തകമാക്കുക
- സർഗ്ഗപരമായ കഴിവുകളുടെ വികാസം നേടുക
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം സാക്ഷാത്കരിക്കുക
- വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം നേടുക
- ഭൗതിക സാഹചര്യങ്ങളുടെ വികാസം ഉണ്ടാക്കുക
- കാർഷിക സംസ്കാരത്തെ തിരിച്ച് കൊണ്ടുവരുക
- സമഗ്ര പോഷകാഹാര പരിപാടി നടപ്പിലാക്കുക
- പിടി.എ, ഒ.എസ്.എ. സന്നദ്ധസംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- ലൈബ്രറി, ലബോറട്ടറി ആധുനികവത്കരിക്കുക
- നൂതന സൗകര്യങ്ങളോട് കൂടിയ കെട്ടിടസമുച്ചയം നിർമ്മിക്കുക
- കായികപഠനത്തെ ഊർജ്ജസ്വലമാക്കുക

## മോണിട്ടറിംഗ് രീതി

ഏതൊരു വിദ്യാലയത്തിൻ്റെയും ഉന്നമനത്തിന് വിലയിരുത്തലുകളും, തിരു ത്തലുകളും, പ്രോത്സാഹനങ്ങളും ആവശ്യമാണ്. സ്വന്തം കുറവുകളെ കണ്ടെത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. അതുപോലെ പ്രോത്സാഹന ങ്ങളെ ഊർജ്ജിതമായി കണക്കാക്കണം. മോണിട്ടറിംഗ് പഠനം, ബോധനം, ഭൗതികം, സാമൂഹികം എന്നീ എല്ലാ മേഖലകളിലും ആവശ്യമാണ്.

സർക്കാർ, തദ്ദേശസ്വയംഭരയണ സ്ഥാപനങ്ങൾ, മാനേജ്മെന്റ്, എച്ച് .എം , പി.ടി.എ., എം.പി. ടി . എ., ഒ. എസ്.എ,എസ്.എസ്. ജി ., എസ്.ആർ. ജി., വിദ്യാലയ ക്ഷേമകാര്യസമിതി, എന്നീ എല്ലാ വകുപ്പുകളും ഒത്തൊരുമിച്ച് വിദ്യാലയ പുരോഗതിക്കായി കൈകോർക്കേണ്ടതുണ്ട്.

എം.എ.എം ഹൈസ്കൂൾ ഇത്തരത്തിലുള്ള എല്ലാ വിലയിരുത്തലുകളും മാനിച്ച് കൊണ്ട് ഉയർച്ചയുടെ പാതയിലൂടെ മുന്നേറാൻ തയ്യാറാണെന്ന് ഇവിടെ രേഖപ്പെടുത്തുന്നു.

**ഉപസംഹാരം**

വിളക്കാകുന്ന ഓരോ വിദ്യാർത്ഥികളെയും അറിവാകുന്ന അഗ്നികൊണ്ട് ജ്വലിപ്പിച്ചാൽ മാത്രമേ വിദ്വേഷത്തിൻ്റെയും വിധ്വംസക വൃത്തികളുടെയും അന്ധകാരമകന്ന് സമൂഹം പ്രകാശപൂരിതമാകുകയുള്ളൂ. മൂല്യവത്തും അർത്ഥവത്തുമായ പ്രവർത്തനങ്ങളിലൂടെ പൊതു സമൂഹത്തിൻ്റെ പൂർണ്ണമായ സഹകരണത്തോടെ നവയുഗ സൃഷ്ടിക്കായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതുണ്ടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ആ തിരിച്ചറിവ് ഞങ്ങൾക്ക് കരുത്താകുന്നു. ആ കരുത്തിൽ മുന്നേറുമ്പോൾ അന്ധകാരം അകന്ന് പ്രകാശപൂരിതമാകുമെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. നിങ്ങളോരോരുത്തരും ഞങ്ങളോടൊപ്പം അണിചേർന്ന് നമ്മളൊന്നായ് മുന്നേറുന്നതിന് സർവ്വാത്മനാ ക്ഷണിക്കുന്നു.

**"തമസോ മാ ജ്യോതിർ ഗമയാ"**